**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.300 — 28.05.2019 ൽ മറുപടിക്ക്

## നാട്ടിക മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീമതി ഗീതാ ഗോപി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാട്ടിക നിയോജക മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി നാട്ടിക മണ്ഡലത്തിലെ പി.എച്ച് സെന്റർ, പാറളം ,തളിക്കുളം എന്നിവ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തുകയും ഡോക്ടർ-1,നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നാട്ടിക പി.എച്ച് സെന്റർ, എഫ്.എച്ച്. സെന്റർ ആക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഇവിടെ എൻ.എച്ച്.എം മുഖേന നിലവിലുള്ള കെട്ടിടങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള മാറ്റങ്ങൾ വരുത്തുന്നതിന് പ്രവത്തികൾ നടന്നു വരുന്നു. വലപ്പാട് സി.എച്ച്.സെന്ററിൽ ഒരു അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തിക സൃഷ്ടിക്കുകയും, ആരോഗ്യവകുപ്പും ബ്ലോക്ക് പഞ്ചായത്ത് മുഖേനയും ഓരോ ഡെന്റൽ ചെയർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇവിടെ ജെറിയാട്രിക് വാർഡ് ബ്ലോക്ക് പഞ്ചായത്ത് മുഖേന നിർമ്മിച്ചിട്ടുണ്ട്.<br><br>എഫ്.എച്ച്. സെന്റർ പാറളത്തിന് ബഹു.എം.എൽ.എ. യുടെ പദ്ധതി പ്രകാരം ഹെമറ്റോളജി അനലൈസർ അനുവദിച്ചു. ഇത് കെ.എം.എസ്.സി.എൽ. മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സി.എച്ച്.സെന്റർ തൃപ്രയാറിൽ ബ്ലോക്ക് പഞ്ചായത്ത് മുഖേന ഫീമെയിൽ വാർഡിന്റെ നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു. |
| (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നാട്ടിക മണ്ഡലത്തിൽ ഏതെല്ലാം തസ്തികകൾ എത്ര വീതം സൃഷ്ടിച്ചുവെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) | നാട്ടിക മണ്ഡലത്തിലെ പാറളം, തളിക്കുളം എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തി ഇവിടെ ചുവടെ ചേർക്കുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br><u>പാറളം എഫ്.എച്ച്.സെന്റർ</u><br><br>ഡോക്ടർ-1, സ്റ്റാഫ് നഴ്സ് -2 , ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ് -1 |

| | | | |
|---|---|---|---|
| | | | തളിക്കുളം എഫ്.എച്ച്.സെന്റർ<br>ഡോക്ടർ-1, സ്റ്റാഫ് നഴ്സ് -2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ്-1 |
| (സി) | അന്തിക്കാട് സി.എച്ച്.സി. യെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (സി) | അന്തിക്കാട് സി.എച്ച്.സി.യിൽ നിലവിൽ രണ്ട് 2 അസിസ്റ്റ് സർജന്റെയും ഒരു സിവിൽ സർജന്റെയും ഒരു എൻ.എച്ച്.എം ഡോക്ടറുടേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഫാർമസിയിൽ മരുന്നുകളുടേയും പെയിൻ ആന്റ് പാലിയേറ്റിവ് മരുന്നുകളുടേയും വിതരണവും നടക്കുന്നുണ്ട്. അന്തിക്കാട് സി.എച്ച്.സി യുടെ 6 കി.മി ചുറ്റളവിൽ എഫ്.എച്ച്.സി മുണ്ടൂരും, സി.എച്ച്.സി തൃപ്രയാറും 7 കി.മി ചുറ്റളവിൽ സി.എച്ച്.സി ആലപ്പാട്ടും 16 കി.മി ചുറ്റളവിൽ ജനറൽ ആശുപത്രി തൃശ്ശൂർ സ്ഥിതി ചെയ്യുന്നു. സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിലുപരി നിശ്ചിതമാനദണ്ഡങ്ങളോടെ ആരോഗ്യസ്ഥാപനങ്ങളിൽ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ആർദ്രം പദ്ധതിയുടെ ഭാഗമായി നിലവിൽ മുൻതൂക്കം നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ